"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

**നം.ഡി.ബി 3/753/12/സിഇ/തസ്വഭവ** **തീയതി : 20.12.2016**

പ്രേഷകൻ

ചീഫ് എൻജിനീയർ

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- Bitumen വിതരണം- SIDCO-യെ ഏൽപിക്കുന്നത്-സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന: 1. സ.ഉ(സാ.ധ) നം. 3049/2016/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 08.11.2016
2. സ.ഉ (സാ.ധ) നം. 3299/2016/ത.സ്വ.ഭ.വ തീയതി, 02.12.2016
3. ഗവൺമെന്റ് കത്ത് നം. LSGD-DA1/402/2016-LSGD Dated, 03.12.2016

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം 30 ലക്ഷം വരെ അടങ്കൽ തുക ഉള്ള പ്രവൃത്തികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് Bitumen വാങ്ങി നൽകാമെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ സൂചന (2) സർക്കാർ ഉത്തരവ് പ്രാബല്യത്തിലുള്ളതിനാൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും Bitumen വാങ്ങി നൽകുന്നതിന് വൈമുഖ്യം കാണിക്കുന്നതായി ശ്രദ്ധയിൽ വന്നിട്ടുണ്ട്. മുൻവർഷങ്ങളിൽ SIDCO യുടെ ജില്ലാ ഓഫീസുകൾ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് Bitumen വിതരണം ചെയ്തിരുന്നു. പൊതുമേഖല എണ്ണ കമ്പനികളിൽ നിന്നും കിട്ടുന്ന വിലയിലും, കയറ്റുകൂലി ഇല്ലാതെയും കുറഞ്ഞ കടത്തുകൂലി ഈടാക്കിയുമാണ് SIDCO Bitumen വിതരണം നടത്തിയിരുന്നത്. ആയതിനാൽ നടപ്പു സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് SIDCO യിൽ നിന്നും Bitumen വാങ്ങുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം Bitumen വാങ്ങുമ്പോൾ നിഷ്കർഷിക്കുന്ന എണ്ണ കമ്പനികളുടെ ബില്ലിനു പകരം SIDCO Bitumen supply ചെയ്യുന്നതിന് ലഭ്യമാക്കുന്ന ബിൽ സ്വീകരിക്കാനും അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ചീഫ് എൻജിനീയർ**

S.2011